മ ത്താ . 21 : 1 – 17

**2023 ഏപ്രിൽ 2**

# വചനഭാഷ്യം

**ഫാ. പോൾ മോറേലി**

## രാജകീയ പ്രവേശനവും
## ദേവാലയ ശുദ്ധീകരണവും

അനേകായിരം തീർത്ഥാടകരെക്കൊണ്ട് ജെറുസലെം ദേവാലയവും നഗരവും തിങ്ങിനിറയുന്ന അവസരമാണ് പെസഹാ തിരുനാൾ. പെസഹാത്തിരുനാളിൽ കൊല്ലപ്പെടേണ്ട കുഞ്ഞാടിനെ യഹൂദഭവന ങ്ങളിൽ തിരഞ്ഞെടുക്കേണ്ടത് പെസഹായ്ക്ക് നാലു നാളുകൾക്ക് മുമ്പാണെന്ന് (പുറ. 12:3) യഹൂദ നിയമം അനുശാസിച്ചിരുന്നു. അങ്ങനെ ഓശാനത്തിരുനാൾ ഒരുക്കദിനമായിട്ടാണ് യഹൂദർ മനസ്സിലാക്കി യിരുന്നത്. പുതിയ പെസഹാത്തിരുനാളിൽ കൊല്ലപ്പെടേണ്ട കുഞ്ഞാടായി യേശു തന്നെത്തന്നെ തെര ഞ്ഞെടുത്തതിന്റെ ഓർമ്മയാണ് ഓശാനത്തിരുനാൾ. ഇതിനായി ജെറുസലേമിലേക്കുള്ള യേശുവിന്റെ രാ ജകീയ പ്രവേശവും, തുടർന്നുള്ള ദേവാലയ ശുദ്ധീകരണവുമാണ് മത്താ. 21:1–17 ലെ രണ്ട് പ്രമേയങ്ങൾ.

മ) **ഒലിവുമല**: ഒലിവുമലയ്ക്കരികെയുള്ള ബത്ഫഗെയിൽ വച്ചാണ് യേശു തന്റെ രാജകീയ പ്രവേശനത്തിന്റെ ഒരുക്കങ്ങൾ നടത്തുന്നത്. മെസയാനിക പ്രതീക്ഷയുമായി ബന്ധമുള്ള സ്ഥലമാണ് ഒലിവുമല (സഖ. 14:4). മിശിഹാ വരുന്നത് ഒലിവുമലയിൽ നിന്നാണെന്ന ഒരു പ്രതീക്ഷ യഹൂദരുടെയിട യിൽ ഉണ്ടായിരുന്നു. ജെറുസലെം നഗരം വിട്ടുപോയ കർത്താവിന്റെ മഹത്വം (എസെ. 11:2) നഗരത്തി ലേക്ക് തിരിച്ചുവരുന്നത് ഒലിവുമലയിൽ നിന്നാണ് (എസെ. 43:2) എന്ന ദർശനവും ഇവിടെ പ്രസക്തമാ ണ്. അബ്സലോമിന്റെ വിമത നീക്കം നടന്ന കാലത്ത് ദാവീദ് ഒലിവുമലയിലേക്ക് വിജയകരമായി മാർച്ച് ചെയ്ത പ്രദക്ഷിണവും ഇവിടെ അനുസ്മരണീയമാണ്.

യ) **കെട്ടിയിട്ടിരിക്കുന്ന കഴുതയും കഴുതക്കുട്ടിയും**: ഉല്പത്തി 49:11–ൽ യാക്കോബ് യൂദായെ അനുഗ്രഹിക്കുന്ന സന്ദർഭത്തിൽ അധികാര ദണ്ഡ് കയ്യിലേന്തുന്ന യൂദാ തന്റെ കഴുതയെയും കഴുതക്കുട്ടിയെയും മുന്തിരിവള്ളിയിൽ കെട്ടിയിടും എന്നു പ്രഖ്യാപിക്കുന്നുണ്ട്. യൂദാഗോത്രത്തിൽനിന്ന് ജനിക്കാനിരിക്കുന്ന മിശിഹായുടെ പ്രതീകമായി മുന്തിരിത്തോട്ടത്തിൽ കെട്ടിയിട്ടിരിക്കുന്ന കഴുതയും കഴുതക്കുട്ടിയും കരുതപ്പെട്ടിരുന്നു. അവൻ വരുമ്പോൾ മാത്രമേ ഈ കഴുതയും കഴുതക്കുട്ടിയും അഴി ക്കപ്പെടുകയുള്ളൂ എന്ന യഹൂദ വിശ്വാസമാണ് ഇവിടെ സാക്ഷാത്കരിക്കപ്പെടുന്നത്.

ര) **കഴുതപ്പുറത്ത് വരുന്ന യേശു**: സഖറിയായുടെയും (9:9) പ്രവചനങ്ങളുടെ പൂർത്തീകര ണമാണ് കഴുതപ്പുറത്ത് ആഗതനാകുന്ന യേശു. യേശുവിന്റെ മിശിഹാത്വത്തിനുള്ള തെളിവാണ് കഴു തയുടെയും കഴുതക്കുട്ടിയുടെയും പുറത്തുള്ള ഈ എഴുന്നള്ളത്ത്. റോമൻ പാരമ്പര്യത്തിൽ രാജാവ് കഴുതപ്പുറ ത്ത് എഴുന്നള്ളുന്നത് സമാധാന സൂചനയാണ്. യുദ്ധത്തിന് പോകുമ്പോൾ രാജാക്കന്മാർ കുതിരയെയാണ് ഉപയോഗിക്കുന്നത്. കഴുതപ്പുറത്തായതുകൊണ്ട് താൻ സമാധാനത്തിന്റെ രാജാവാണ് എന്ന് യേശു വ്യക്തമാക്കി. മത്താ. 11:29–ൽ പറഞ്ഞ വിനീത ഹൃദയനും മത്താ. 5:5–ൽ വെളിപ്പെടുത്തിയ ശാന്തശീലനുമാണ് ഈശോ. അതുകൊണ്ട് സഖറിയായുടെ പുസ്തകത്തിൽ നിന്നെടുത്ത (9:9) ഉദ്ധരണി യിൽ രാജാവിന്റെ വിജയത്തെ പ്രകീർത്തിക്കുന്ന പദങ്ങൾ – ''പ്രതാപവാനും,'' ''ജയശാലിയും'' – മത്തായിശ്ലീഹാ വിട്ടുകളയുന്നു.

റ) **ഹോസാന**: ''ഹോസിയാന'' എന്നാണ് ഹീബ്രുവിൽ – ഇതിന്റെ ഗ്രീക്ക് രൂപമാണ് ഹോസാ ന. അക്ഷരാർത്ഥത്തിൽ ''രക്ഷിക്കണേ, ഞങ്ങൾ പ്രാർത്ഥിക്കുന്നു'' എന്നർത്ഥം. അടിച്ചമർത്തപ്പെട്ടവർ ദൈവത്തോട് നടത്തുന്ന യാചനാ പ്രാർത്ഥനയായിരുന്നു ഇത് (സങ്കീ. 118:25). കൂടാരത്തിരുനാളിന്റെ ഏഴാം ദിവസം പുരോഹിതന്മാർ ബലിപീഠത്തെ ഏഴുവട്ടം വലംവച്ച് മഴ പെയ്യാൻ പ്രാർത്ഥിക്കുമ്പോൾ ഉരുവിട്ടിരുന്ന പ്രാർത്ഥനാവാക്യവുമായിരുന്നു ഇത്. ഈ മഴപ്രാർത്ഥന ഒരു ജനതയുടെ നിലനില്പിനു വേണ്ടിയുള്ള നിലവിളിയായിരുന്നു. കാലാന്തരത്തിൽ ഹോസാന എന്നത് വരാനിരിക്കുന്ന മിശിഹായ്ക്കു വേണ്ടിയുള്ള പ്രാർത്ഥനയായി മാറി. റോമൻ അടിമത്തത്തിന്റെ നുകം പേറി തളർന്നുപോയ ഒരു ജനത

യുടെ പ്രതീക്ഷയുടെ നിലവിളിയായിരുന്നു കഴുതപ്പുറത്ത് ആഗതനാകുന്ന യേശുവിൽ മിശിഹായെ ദർശിച്ചുകൊണ്ട് അവർ മുഴക്കിയ ഹോസാന വിളികൾ.

"How Pilate, if he was looking out of his fortress that Sunday, must have been amused by the ridiculous spectacle of a man being proclaimed as a King, and yet seated on the beast that was the symbol of the outcast - a fitting vehicle for one riding into the jaws of death!

If he had entered into the city with regal pomp in the manner of conquererors, he would have given occasion to believe that he was a political Messiah. But the circumstance he chose validated his claim that his kingdom was not of this world. There is no suggestion that this pauper King was a rival of Caesar."

[Bishop Fulton J. Sheen, "Life of Christ"]    F